പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *418 18/10/2011-ലെ മറുപടിക്ക്

ഡിഗ്രി തല സെമസ്റ്റർ സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളിൽ ഡിഗ്രി തലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്; | എ) കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ ഡിഗ്രി തലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഡിഗ്രി സെമസ്റ്റർ സമ്പ്രദായം പഠനത്തെ എങ്ങനെ ഗുണപരമായി സ്വാധീനിക്കുന്നു എന്ന് വ്യക്തമാക്കാമോ; | ബി) ഡിഗ്രി സെമസ്റ്റർ സമ്പ്രദായം നടപ്പാക്കിയതിലൂടെ ഉണ്ടായ ഗുണപരമായ പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്:-<br>• പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ കാര്യത്തിൽ കൃത്യതയും ഏകീകൃത സ്വഭാവവും കൈവന്നു.<br>• ആന്തരിക-ബാഹ്യ മൂല്യ നിർണ്ണയങ്ങൾ ഏകീകരിച്ച് തയ്യാറാക്കുന്ന ഗ്രേഡിംഗ് സമ്പ്രദായത്തിലൂടെ പഴയ മാർക്കിംഗ് രീതിയിലെ അനാരോഗ്യപ്രവണതകൾ ഇല്ലാതായി.<br>• ബിരുദ വിഷയങ്ങളുടെ കോഴ്സുകളും സിലബസ്സുകളും കാലോചിതമായി പരിഷ്കരിക്കപ്പെട്ടു.<br>• അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തിൽ യു.ജി.സി. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് |

കൂടുതൽ അർത്ഥവും വ്യാപ്തിയും കൈവന്നു.

| | |
|---|---|
| സി) എല്ലാ സർവ്വകലാശാലകളിലും ഡിഗ്രി സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ ഡിഗ്രി തലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ